**മധുരമായ കുട്ടികളേ - ജോലികൾ എല്ലാം ചെയ്തുകൊണ്ടും സദാ തന്റെ ഈശ്വരീയ വിദ്യാർത്ഥി ജീവിതത്തേയും പഠിപ്പിനേയും ഓർമ്മിക്കൂ, സ്വയം ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ് എന്ന ലഹരിയിൽ കഴിയൂ.**

**ചോദ്യം:-** ജ്ഞാനാമൃതത്തെ ദഹിപ്പിക്കാൻ അറിയുന്ന കുട്ടികളുടെ അടയാളം എന്തായിരിക്കും?
**ഉത്തരം:-** അവർക്ക് സദാ ആത്മീയ ലഹരി ഉയർന്നുകൊണ്ടിരിക്കും മാത്രമല്ല ആ ലഹരിയുടെ ആധാരത്തിൽ എല്ലാവരുടേയും മംഗളം ചെയ്തുകൊണ്ടിരിക്കും. മംഗളം ചെയ്യുക എന്നതല്ലാതെ രണ്ടാമത് ഒരു കാര്യവും അവർക്ക് നല്ലതായി തോന്നില്ല. മുള്ളുകളെ പൂക്കളാക്കി മാറ്റുന്ന സേവനത്തിൽ തന്നെ ബിസിയായിരിക്കും.

**ഓം ശാന്തി**. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഇവിടെ ഇരിക്കുകയാണ് മാത്രമല്ല ഇപ്പോൾ നമ്മൾ പാർട്ടുധാരികളാണ് എന്നതും അറിയാം. 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കിയിരിക്കുന്നു. ഇത് നിങ്ങൾ കുട്ടികളുടെ ഓർമ്മയിൽ വരണം. അറിയാം ബാബ വന്നിരിക്കുന്നു, നമുക്ക് വീണ്ടും രാജ്യം പ്രാപ്തമാക്കിത്തരാൻ അഥവാ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റാൻ. ഈ കാര്യങ്ങൾ ബാബയല്ലാതെ മറ്റാരും മനസ്സിലാക്കിത്തരുകയില്ല. നിങ്ങൾ ഇവിടെ ഇരിക്കുമ്പോൾ നിങ്ങൾ സ്ക്കൂളിൽ ഇരിക്കുന്നതുപോലെയാണ്. പുറത്താണെങ്കിൽ സ്ക്കൂളിലല്ല. അറിയാം ഇത് ഉയർന്നതിലും ഉയർന്ന ആത്മീയ സ്ക്കൂളാണ്. ആത്മീയ അച്ഛൻ ഇരുന്ന് പഠിപ്പിക്കുകയാണ്. പഠിപ്പ് കുട്ടികൾക്ക് ഓർമ്മ വരണമല്ലോ. ഇവരും കുട്ടിയാണ്. ഇവരെ അഥവാ മുഴുവൻ കുട്ടികളേയും പഠിപ്പിക്കുന്നത് അച്ഛനാണ്. മുഴുവൻ മനുഷ്യ ആത്മാക്കളുടേയും പിതാവ് ബാബയാണ്. ബാബ വന്ന് ശരീരത്തിന്റെ ലോൺ എടുത്ത് നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്. ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, ഇവിടെ ഇരിക്കുമ്പോൾ ബുദ്ധിയിൽ ഓർമ്മ വരണം അതായത് നമ്മൾ 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, ദേവീ ദേവതകളായിരുന്നു പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് ഇവിടെ വന്നു പെട്ടിരിക്കയാണ്. ഭാരതം എത്ര സമ്പന്നമായിരുന്നു. എല്ലാം ഓർമ്മ വന്നു. ഭാരതത്തിന്റെ തന്നെ കഥയാണ്, കൂടെത്തന്നെ നമ്മളുടേയും. ശേഷം സ്വയം മറന്നുപോകരുത്. നമ്മൾ സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചിരുന്നു പിന്നീട് നമുക്ക് 84 ജന്മങ്ങൾ എടുക്കേണ്ടതായി വന്നു. ഇത് മുഴുവൻ ദിവസവും ബുദ്ധിയിലേയ്ക്ക് കൊണ്ടുവരണം. ജോലികൾ എല്ലാം ചെയ്തുകൊണ്ടും പഠിപ്പ് ഓർമ്മയിൽ വരണം. നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു പിന്നെ നമ്മൾ താഴേയ്ക്ക് ഇറങ്ങിവന്നു, വളരെ സഹജമാണ് എന്നാൽ പലർക്കും ഈ ഓർമ്മ പോലും നിൽക്കുന്നില്ല. ആത്മാവ് പവിത്രമല്ലാത്തതിനാൽ ഓർമ്മ നിൽക്കുന്നില്ല. നമ്മെ ഭഗവാൻ പഠിപ്പിക്കുന്നു എന്ന കാര്യം മറന്നുപോകുന്നു. നമ്മൾ ബാബയുടെ വിദ്യാർത്ഥികളാണ്. ബാബ പറയുന്നു - ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. ബാബ നമ്മെ പഠിപ്പിച്ച് ഇതാക്കി മാറ്റുകയാണ്. മുഴുവൻ ദിവസവും ഈ ഓർമ്മ നിലനിൽക്കണം. ബാബതന്നെയാണ് സ്മൃതി ഉണർത്തുന്നത്, ഇതേ ഭാരതം തന്നെയായിരുന്നില്ലേ. നമ്മൾ തന്നെയായിരുന്നു ദേവീ ദേവതകൾ, നമ്മൾ തന്നെ ഇപ്പോൾ അസുരന്മാരായി മാറിയിരിക്കുന്നു. മുൻപ് നിങ്ങളുടെ ബുദ്ധിയും ആസുരീയമായിരുന്നു. ഇപ്പോൾ ബാബ ഈശ്വരീയ ബുദ്ധി നൽകി. പക്ഷേ എന്നിട്ടും ചിലരുടെ ബുദ്ധിയിൽ ഇരിക്കുന്നില്ല. മറന്നുപോകുന്നു. ബാബ എത്ര ലഹരി ഉയർത്തുന്നു. നിങ്ങൾ വീണ്ടും ദേവതയാവുകയാണ് അതിനാൽ ആ ലഹരി ഉണ്ടായിരിക്കണം. നമ്മൾ നമ്മുടെ രാജ്യം നേടുകയാണ്. നമ്മൾ നമ്മുടെ രാജ്യം ഭരിക്കും, ചിലർക്കാണെങ്കിൽ തീർത്തും ലഹരി വരുന്നില്ല. ജ്ഞാനാമൃതം ദഹിക്കുന്നില്ല. ആർക്കാണോ ഉയർന്ന ലഹരിയുള്ളത്, അവർക്ക് ആരുടേയെങ്കിലും മംഗളം ചെയ്യുക എന്നതല്ലാതെ മറ്റൊരു കാര്യവും നല്ലതായി തോന്നില്ല. പുഷ്പമാക്കി മാറ്റാനുള്ള സേവനത്തിൽ തന്നെ മുഴുകിയിരിക്കും. നമ്മൾ ആദ്യം പൂവായിരുന്നു പിന്നീട് മായ മുള്ളാക്കി മാറ്റി. ഇപ്പോൾ വീണ്ടും പൂവാവുകയാണ്. ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ തന്നോടുതന്നെ സംസാരിക്കണം. ഈ ലഹരിയിൽ ഇരുന്ന് നിങ്ങൾ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുത്താൽ ഉടനെ അമ്പ് തറയ്ക്കും. ഭാരതം അല്ലാഹുവിന്റെ പൂന്തോട്ടമായിരുന്നു. ഇപ്പോൾ പതിതമായിരിക്കുന്നു. നമ്മൾ തന്നെയായിരുന്നു മുഴുവൻ വിശ്വത്തിന്റേയും അധികാരി, എത്ര വലിയ കാര്യമാണ്! ഇപ്പോൾ വീണ്ടും നമ്മൾ എന്തായി മാറി! എത്ര അധ:പതിച്ചുപോയി! ഇത് നമ്മൾ വീഴുന്നതിന്റേയും കയറുന്നതിന്റേയും നാടകമാണ്. ഈ കഥ ബാബ ഇരുന്ന് കേൾപ്പിക്കുകയാണ്. അത് അസത്യമാണ്, ഇതാണ് സത്യം. അവർ സത്യനാരായണന്റെ കഥ കേൾപ്പിക്കുന്നു, നമ്മൾ എങ്ങനെയാണ് വീണത് പിന്നീട് എങ്ങനെയാണ് കയറിയത് എന്നത് മനസ്സിലാക്കുന്നില്ലല്ലോ. ഇവിടെ ബാബ സത്യമായ സത്യനാരായണന്റെ കഥ കേൾപ്പിച്ചു. രാജ്യം എങ്ങനെ നഷ്ടപ്പെടുത്തി, ഇതെല്ലാം നമ്മളെ ആശ്രയിച്ചാണ്. ആത്മാവിന് ഇപ്പോൾ മനസ്സിലായി നമ്മൾ എങ്ങനെയാണ് ബാബയിൽ നിന്നും രാജധാനി നേടുന്ന

തെന്ന്. ഇവിടെ ബാബ ചോദിക്കുമ്പോൾ പറയുന്നു– ഓ, ലഹരിയുണ്ട് പിന്നീട് പുറത്ത് പോകുന്നതിലൂടെ ഒട്ടും ലഹരിയുണ്ടാകുന്നില്ല. കുട്ടികൾ സ്വയം മനസ്സിലാക്കുന്നുണ്ട് തീർച്ചയായും കൈ ഉയർത്തുന്നുണ്ട് പക്ഷേ ലഹരി നിലനിൽക്കാത്ത തരത്തിലാണ് പെരുമാറ്റം. ഫീലിംഗ് വരുമല്ലോ.

ബാബ കുട്ടികൾക്ക് സ്മൃതി ഉണർത്തുകയാണ് – കുട്ടികളേ, നിങ്ങൾക്ക് ഞാൻ രാജധാനി നൽകിയിരുന്നു പിന്നീട് നിങ്ങൾ അതിനെ നഷ്ടപ്പെടുത്തി. നിങ്ങൾ താഴേയ്ക്ക് വീണുകൊണ്ടിരുന്നു എന്തുകൊണ്ടെന്നാൽ ഇത് വീഴുന്നതിന്റേയും കയറുന്നതിന്റേയും നാടകമാണ്. ഇന്ന് രാജാവാണ്, നാളെ അവരെ താഴെയിറക്കുന്നു. പത്രങ്ങളിലും ഇങ്ങനെയുള്ള കാര്യങ്ങൾ ഒരുപാട് വരാറുണ്ട്, ഇത് പരിശോധിച്ചാൽ കുറച്ച് കാര്യങ്ങൾ മനസ്സിലാകും. ഇത് നാടകമാണ്, ഇത് ഓർമ്മയുണ്ടെങ്കിൽ തന്നെ സദാ സന്തോഷമുണ്ടാകും. ബുദ്ധിയിൽ ഉണ്ടല്ലോ– ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കുമുമ്പ് ശിവബാബ വന്നിരുന്നു, വന്ന് രാജയോഗം പഠിപ്പിച്ചിരുന്നു. യുദ്ധം നടന്നിരുന്നു. ഇപ്പോൾ ശരിയായി മുഴുവൻ കാര്യങ്ങളും ബാബ കേൾപ്പിക്കുന്നു. ഇതാണ് പുരുഷോത്തമ സംഗമയുഗം. കലിയുഗത്തിനുശേഷമാണ് ഈ പുരുഷോത്തമ സംഗമയുഗം വരുന്നത്. കലിയുഗത്തെ പുരുഷോത്തമ യുഗം എന്ന് പറയില്ല. സത്യയുഗത്തേയും പറയില്ല. ആസുരീയ സമ്പ്രദായവും ദൈവീക സമ്പ്രദായം എന്ന് പറയുന്നു, അതിന് നടുവിലാണ് ഈ സംഗമയുഗം, അപ്പോഴാണ് പഴയ ലോകത്തിൽ നിന്നും പുതിയ ലോകമായി മാറുന്നത്. പുതിയതിൽ നിന്നും പഴയതാവാൻ മുഴുവൻ ചക്രവും വേണ്ടിവരുന്നു. ഇപ്പോഴാണ് സംഗമയുഗം. സത്യയുഗത്തിൽ ദേവീ ദേവതകളുടെ രാജ്യമുണ്ടായിരുന്നു. ബാക്കി അനേകം ധർമ്മങ്ങൾ വന്നു. ഇത് നിങ്ങളുടെ ബുദ്ധിയിൽ ഇരിക്കുന്നുണ്ട്. വളരെ അധികം പേരുണ്ട് അവർ 6–8 മാസം അല്ലെങ്കിൽ 12 മാസം പഠിച്ച് പിന്നീട് വീണുപോകുന്നു. തോറ്റുപോകുന്നു. തീർച്ചയായും പവിത്രമായി മാറുന്നുണ്ട് എന്നാൽ പഠിപ്പ് പഠിക്കാത്തതിനാൽ കുടുങ്ങിപ്പോകുന്നു. പിന്നീട് പവിത്രതയും ഉപയോഗത്തിന് വരില്ല. ഇങ്ങനെ ഒരുപാട് സന്യാസിമാരുമുണ്ട്, അവർ സന്യാസം ഉപേക്ഷിച്ച് ചെന്ന് ഗൃഹസ്ഥിയാവും, വിവാഹം കഴിക്കുന്നു. അതിനാൽ ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്– നിങ്ങൾ ഇരിക്കുന്നത് സ്ക്കൂളിലാണ്. നമ്മൾ നമ്മുടെ രാജധാനി എങ്ങനെയാണ് നഷ്ടപ്പെടുത്തിയത്, നമ്മൾ എത്ര ജന്മം എടുത്തു എന്നതെല്ലാം ഓർമ്മയുണ്ട്. ഇപ്പോൾ ബാബ വീണ്ടും വിശ്വത്തിന്റെ അധികാരിയാകാൻ പറയുന്നു. തീർച്ചയായും പാവനമായി മാറണം. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പവിത്രമായി മാറും എന്തുകൊണ്ടെന്നാൽ സ്വർണ്ണത്തിൽ അഴുക്ക് പിടിക്കുന്നു, അത് എങ്ങനെ പോകും? നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ ആത്മാക്കൾ സതോപ്രധാനമായിരുന്നു, 24 ക്യാരറ്റായിരുന്നു പിന്നീട് വീണ് വീണ് ഇങ്ങനെയുള്ള അവസ്ഥയുണ്ടായി. നമ്മൾ എന്തായി മാറി! നമ്മൾ എന്തായിരുന്നു എന്ന് ബാബ പറയുന്നില്ല. നിങ്ങൾ മനുഷ്യർ തന്നെയാണ് പറയുന്നത് ഞങ്ങൾ ദേവതകളായിരുന്നു. ഭാരതത്തിന് മഹിമയുണ്ടല്ലോ. ഭാരതത്തിലേയ്ക്ക് ആരാണ് വരുന്നത്, എന്ത് ജ്ഞാനമാണ് നൽകുന്നത്, ഇത് ആർക്കും അറിയില്ല. മുക്തിദാതാവ് എപ്പോഴാണ് വരുന്നത് എന്നത് അറിഞ്ഞിരിക്കേണ്ടേ. ഭാരതത്തെ വളരെ പ്രാചീനം എന്നാണ് പറയുന്നത് എങ്കിൽ പുനരവതരണം ഭാരതത്തിൽ തന്നെയായിരിക്കും നടന്നിരിക്കുക അതായത് ജയന്തിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. തീർച്ചയായും ഫാദർ ഇവിടെ വരുന്നുണ്ട്. ഭഗീരഥൻ എന്നും പറയുന്നുണ്ട്. എങ്കിൽ മനുഷ്യശരീരത്തിലായിരിക്കില്ലേ വന്നിട്ടുണ്ടാവുക. പിന്നീട് കുതിരവണ്ടിയും കാണിക്കുന്നുണ്ട്. എത്ര വ്യത്യാസമാണ്. കൃഷ്ണനേയും രഥത്തേയും കാണിച്ചിരിക്കുന്നു. എന്നെ ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ ഈ രഥത്തിൽ വരുന്നുണ്ട്, ഇതിനെത്തന്നെയാണ് ഭാഗ്യശാലീ രഥം എന്നു പറയുന്നത്. ബ്രഹ്മാവുതന്നെയാണ് വിഷ്ണു എന്നത് ചിത്രത്തിൽ എത്ര വ്യക്തമാണ്. ത്രിമൂർത്തികളുടെ മുകളിൽ ശിവൻ, ഈ ശിവബാബയുടെ പരിചയം ആരാണ് നൽകിയത്. ബാബ തന്നെയല്ലേ ഉണ്ടാക്കിച്ചത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ ഈ ബ്രഹ്മാവിന്റെ രഥത്തിൽ വന്നിട്ടുണ്ട്. ബ്രഹ്മാവുതന്നെയാണ് വിഷ്ണു, വിഷ്ണു തന്നെയാണ് ബ്രഹ്മാവ്. ഇതും കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, എവിടെവെച്ചാണ് 84 ജന്മങ്ങൾക്ക് ശേഷം വിഷ്ണു ബ്രഹ്മാവായി മാറുന്നത്, എവിടെ വെച്ചാണ് ബ്രഹ്മാവ് വിഷ്ണുവായി മാറുന്നത് അതും ഒരു സെക്കന്റിൽ. ബുദ്ധിയിൽ ധാരണ ചെയ്യേണ്ട അദ്ഭുതകരമായ കാര്യങ്ങളല്ലേ. ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം. തീർച്ചയായും ഭാരതം സ്വർഗ്ഗമായിരുന്നു. സ്വർഗ്ഗസ്ഥനായ പിതാവ് തീർച്ചയായും സ്വർഗ്ഗം നിർമ്മിച്ചിട്ടുണ്ടാകും. ഈ ചിത്രം വളരെ ഒന്നാന്തരമാണ്, മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ലഹരിയുണ്ടാകും. ബാബയ്ക്കും ലഹരിയുണ്ട്. നിങ്ങൾ സെന്ററുകളിലും ഇങ്ങനെ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. ഇവിടെയാണെങ്കിൽ ബാബ നേരിട്ടാണ്. ബാബ ഇരുന്ന് ആത്മാക്കൾക്ക് മനസ്സിലാക്കിത്തരികയാണ്. ബാബ മനസ്സിലാക്കിത്തരുന്നതും ആത്മാക്കൾ മനസ്സിലാക്കിത്തരുന്നതും തമ്മിൽ തീർച്ചയായും വ്യത്യാസം ഉണ്ടാകും അതിനാലാണ് ഇവിടെ സന്മുഖത്ത് കേൾക്കുന്നതിനായി വരുന്നത്. ബാബ തന്നെയാണ് അടിക്കടി കുട്ടികളേ കുട്ടികളേ എന്ന് പറയുന്നത്. അച്ഛനുള്ളത്ര പ്രഭാവം സഹോദരന്മാർ തമ്മിൽ ഉണ്ടാകില്ല. ഇവിടെ നിങ്ങൾ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്. ആത്മാക്കളും പരമാ

ത്മാവും തമ്മിൽ കണ്ടുമുട്ടുമ്പോൾ അതിനെ മേള എന്നു പറയുന്നു. ബാബ സന്മുഖത്ത് ഇരുന്ന് മനസ്സിലാക്കിത്തരുമ്പോൾ വളരെ അധികം ലഹരിയുണ്ടാകുന്നു. മനസ്സിലാക്കുന്നുണ്ട് പരിധിയില്ലാത്ത അച്ഛൻ പറയുകയാണ്, നമ്മൾ അത് അംഗീകരിക്കില്ലേ! ബാബ പറയുന്നു ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് അയച്ചതാണ് പിന്നീട് നിങ്ങൾ 84 ജന്മങ്ങൾ എടുത്ത് എടുത്ത് പതിതമായി മാറിയിരിക്കുന്നു. വീണ്ടും നിങ്ങൾ പാവനമായി മാറുകയില്ലേ! ആത്മാക്കളോട് പറയുകയാണ്. ചിലർ കരുതുന്നു, ബാബ സത്യമാണ് പറയുന്നത്, ചിലർ ഉടൻ പറയുന്നു ബാബാ ഞങ്ങൾ തീർച്ചയായും പവിത്രമായി മാറും!

ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. നിങ്ങൾ സത്യമായ സ്വർണ്ണമായി മാറും. ഞാൻ എല്ലാവരുടേയും പതിത പാവനനായ അച്ഛനാണ് അതിനാൽ ബാബ മനസ്സിലാക്കിത്തരുന്നതും ആത്മാക്കൾ (കുട്ടികൾ) മനസ്സിലാക്കിക്കൊടുക്കുന്നതും തമ്മിൽ എത്ര വ്യത്യാസമാണ്. ആരെങ്കിലും പുതിയതായി വന്നു എന്ന് കരുതുക, അതിലും ആരാണോ ഇവിടുത്തെ പൂക്കൾ അവർക്ക് ടച്ചാകും, ഇവർ പറയുന്നത് ശരിയാണെന്ന്. ആരാണോ ഇവിടുത്തെയല്ലാത്തത് അവർക്ക് മനസ്സിലാകില്ല. അതിനാൽ നിങ്ങളും മനസ്സിലാക്കിക്കൊടുക്കൂ നമ്മൾ ആത്മാക്കളോട് ബാബ പറയുകയാണ് നിങ്ങൾ പാവനമായി മാറൂ. മനുഷ്യർ പാവനമായി മാറുന്നതിനായി ഗംഗാ സ്നാനം ചെയ്യുന്നു, ഗുരുവിൽ ശരണം പ്രാപിക്കുന്നു. എന്നാൽ പതിതപാവനൻ ബാബ തന്നെയാണ്. ബാബ ആത്മാക്കളോട് പറയുന്നു അതായത് നിങ്ങൾ എത്ര പതിതമായി മാറിയിരിക്കുന്നു അതിനാലാണ് ആത്മാവ് വന്ന് പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്. ബാബ പറയുന്നു ഞാൻ കല്പ കല്പം വരുന്നു, നിങ്ങൾ കുട്ടികളോട് പറയുന്നു ഈ അന്തിമ ജന്മം പവിത്രമായി മാറൂ. ഈ രാവണ രാജ്യം അവസാനിക്കാനുള്ളതാണ്. മുഖ്യമായത് പവിത്രമായി മാറുന്ന കാര്യമാണ്. സ്വർഗ്ഗത്തിൽ വിഷം ഉണ്ടാവില്ല. ആരെങ്കിലും വരികയാണെങ്കിൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കൂ അതായത് ബാബ പറയുകയാണ്- സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ പാവനമായി മാറും, അഴുക്ക് ഇളകും. മന്മനാഭവ എന്ന വാക്ക് ഓർമ്മയുണ്ടല്ലോ. ബാബ നിരാകാരനാണ് നമ്മൾ ആത്മാക്കളും നിരാകാരന്മാരാണ്. എങ്ങനെയാണോ നമ്മൾ ശരീരത്തിലൂടെ കേൾപ്പിക്കുന്നത് അതുപോലെ ബാബയും ഈ ശരീരത്തിൽ വന്ന് മനസ്സിലാക്കിത്തരുകയാണ്. ഇല്ലെങ്കിൽ എന്നെ മാത്രം ഓർമ്മിക്കൂ, ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളും ഉപേക്ഷിക്കൂ എന്ന് എങ്ങനെ പറയും. തീർച്ചയായും ഇവിടെ വരുന്നുണ്ട്, ബ്രഹ്മാവിൽ പ്രവേശിക്കുന്നു. പ്രജാപിതാവ് ഇപ്പോൾ പ്രാക്ടിക്കലിൽ ഉണ്ട്, ഇവരിലൂടെയാണ് ബാബ നമ്മോട് ഇങ്ങനെ പറയുന്നത്, നമ്മൾ പരിധിയില്ലാത്ത അച്ഛൻ പറയുന്നത് തന്നെയാണ് അനുസരിക്കുന്നത്. ബാബ പറയുന്നു പാവനമായി മാറൂ. അപവിത്രത ഉപേക്ഷിക്കൂ. പഴയ ശരീരത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കൂ. എന്നെ ഓർമ്മിക്കൂ എങ്കിൽ അന്തിമ മനം പോലെ ഗതിയുണ്ടാകും, നിങ്ങൾ ലക്ഷ്മീ നാരായണനായി മാറും.

ബാബയിൽ നിന്നും മുഖം തിരിപ്പിക്കുന്ന മുഖ്യമായ അവഗുണമാണ്- മറ്റുള്ളവരെക്കുറിച്ച് പരചിന്തനം ചെയ്യുക, ആസുരീയ കാര്യങ്ങൾ കേൾക്കുക പിന്നെ കേൾപ്പിക്കുക. ബാബയുടെ നിർദ്ദേശമിതാണ് നിങ്ങൾ ആസുരീയ കാര്യങ്ങൾ കേൾക്കരുത്. ഇവരുടെ കാര്യം അവരെ, അവരുടെ കാര്യം ഇവരെ കേൾപ്പിക്കുക ഈ ചാരവൃത്തി നിങ്ങൾ കുട്ടികളിൽ ഉണ്ടാകരുത്. ഈ സമയത്ത് എല്ലാവരും വിപരീത ബുദ്ധിയല്ലേ. രാമന്റെ കാര്യമല്ലാതെ മറ്റെന്തെങ്കിലും കാര്യം കേൾപ്പിക്കുക, ഇതിനെ ചാരവൃത്തി എന്നാണ് പറയുക. ഇപ്പോൾ ബാബ പറയുന്നു- ഈ ചാരവൃത്തി ഉപേക്ഷിക്കൂ. നിങ്ങൾ എല്ലാ ആത്മാക്കളോടും പറയൂ അതായത് അല്ലയോ സീതമാരെ നിങ്ങൾ ഒരു രാമനുമായി യോഗം വെയ്ക്കൂ. നിങ്ങൾ സന്ദേശവാഹകരാണ്, ബാബ പറഞ്ഞിട്ടുണ്ട് എന്നെ ഓർമ്മിക്കൂ, ഈ സന്ദേശം നൽകൂ, അതുമതി. ഈ കാര്യം ഒഴിച്ച് ബാക്കിയുള്ളതെല്ലാം ചാരവൃത്തിയാണ്. ബാബ എല്ലാ കുട്ടികളോടും പറയുകയാണ്- ചാരവൃത്തി അവസാനിപ്പിക്കൂ. എല്ലാ സീതമാരുടേയും യോഗം ഒരു ബാബയുമായി യോജിപ്പിക്കൂ. നിങ്ങളുടെ ജോലി തന്നെ ഇതാണ്. ഇത്രയേയുള്ളൂ, ഈ സന്ദേശം നൽകിക്കൊണ്ടിരിക്കൂ. ബാബ വന്നിരിക്കുന്നു, പറയുന്നു നിങ്ങൾക്ക് സ്വർണ്ണിമ യുഗത്തിലേയ്ക്ക് പോകണം. ഇപ്പോൾ ഈ ഇരുമ്പുയുഗത്തെ ഉപേക്ഷിക്കണം. നിങ്ങൾക്ക് വനവാസം ലഭിച്ചിരിക്കുകയാണ്, കാട്ടിൽ ഇരിക്കുകയല്ലേ. വനം എന്ന് കാട്ടിനെയാണ് പറയുന്നത്. കന്യകയുടെ വിവാഹം നടക്കുമ്പോൾ കാട്ടിലായിരിക്കും പിന്നീടാണ് കൊട്ടാരത്തിലേയ്ക്ക് പോകുന്നത്. നിങ്ങളും കാട്ടിൽ ഇരിക്കുകയാണ്. ഇപ്പോൾ ഭർതൃപിതാവിന്റെ വീട്ടിലേയ്ക്ക് പോകണം, ഈ പഴയ ശരീരത്തെ ഉപേക്ഷിക്കണം. ഒരു ബാബയെ ഓർമ്മിക്കൂ. ആരുടേതാണോ വിനാശകാലത്ത് പ്രീതബുദ്ധി അവർ കൊട്ടാരത്തിലേയ്ക്ക് പോകും, ബാക്കി വിപരീത ബുദ്ധിയുള്ളവർ വനവാസത്തിലേയ്ക്ക് പോകും. കാട്ടിൽ വസിക്കും. ബാബ നിങ്ങൾ കുട്ടികൾക്ക് ഭിന്ന ഭിന്ന രീതികളിൽ മനസ്സിലാക്കിത്തരുന്നു. ഏത് അച്ഛനിൽ നിന്നാണോ ഇത്രയും പരിധിയില്ലാത്ത സാമ്രാജ്യം നേടിയത്, അവരെ മറന്നുപോയാൽ വനവാസത്തിനുപോയതുപോലെയാണ്. വനവാസവും പൂന്തോട്ടത്തിലെ വാസവും. ബാബയുടെ പേരുതന്നെ

പൂന്തോട്ടക്കാരൻ എന്നാണ്. എന്നാൽ ഇത് മനുഷ്യരുടെ ബുദ്ധിയിൽ വരണം. ഭാരതത്തിൽ തന്നെയായിരുന്നു നമ്മുടെ രാജ്യം. ഇപ്പോളില്ല. ഇപ്പോൾ വനവാസമാണ്. പിന്നീട് പൂന്തോട്ടത്തിലേയ്ക്ക് പോകും. നിങ്ങൾ ഇവിടെ ഇരിക്കുകയാണെങ്കിലും ബുദ്ധിയിലുണ്ട്- ഞങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും തന്റെ രാജ്യഭാഗ്യം നേടുകയാണ്. ബാബ പറയുന്നു എന്നോട് പ്രീതി വെയ്ക്കൂ എന്നിട്ടും മറന്നുപോകുന്നു. ബാബ അറിയിപ്പ് നൽകുന്നു- നിങ്ങൾ അച്ഛനായ എന്നെ ഏതു വരെ മറക്കും. പിന്നെ എങ്ങനെ സ്വർണ്ണിമയുഗത്തിലേയ്ക്ക് പോകും. സ്വയത്തോടു ചോദിക്കൂ ഞാൻ എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്? നമ്മൾ ഓർമ്മയുടെ അഗ്നിയിൽ പെടണം, ഇതിലൂടെയാണ് വികർമ്മം വിനാശമാകുന്നത്. ഒരു ബാബയോട് പ്രീതബുദ്ധിയാവണം. വളരെ ഒന്നാന്തരമായ പ്രിയതമനാണ് നിങ്ങളേയും ഒന്നാന്തരമാക്കി മാറ്റും. മൂന്നാം തരത്തിൽ ആടുകളെപ്പോലെ സഞ്ചരിക്കുന്നത് എവിടെ, എയർ കണ്ടീഷൻ എവിടെ. എത്ര വ്യത്യാസമുണ്ട്. ഇതെല്ലാം വിചാര സാഗര മഥനം ചെയ്യണം എങ്കിൽ നിങ്ങൾക്ക് രസം തോന്നും. ഈ ബാബയും പറയുന്നു ഞാനും ബാബയെ ഓർമ്മിക്കുന്നതിനായി തലയിട്ടുടയ്ക്കുന്നുണ്ട്. മുഴുവൻ ദിവസവും ചിന്ത നടന്നുകൊണ്ടിരിക്കും. നിങ്ങൾ കുട്ടികൾക്കും ഇതേ പരിശ്രമം ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ആരെയാണെങ്കിലും ഒരു രാമന്റെ(ബാബ) കാര്യമല്ലാതെ മറ്റൊരു കാര്യവും കേൾപ്പിക്കരുത്. ഒരാളുടെ കാര്യം അടുത്തയാളെ കേൾപ്പിക്കുക, പരചിന്തനം ചെയ്യുന്നത് ചാരവൃത്തിയാണ്, ഇത് ഉപേക്ഷിക്കണം.

2) ഒരു ബാബയോട് പ്രീതി വെയ്ക്കണം. പഴയ ദേഹത്തിന്റെ അഭിമാനത്തെ ഉപേക്ഷിച്ച് ഒരു ബാബയുടെ ഓർമ്മയിലൂടെ സ്വയത്തെ പാവനമാക്കി മാറ്റണം.

### വരദാനം:- ഉൾക്കൊള്ളുന്നതിനുള്ള ശക്തിയിലൂടെ തെറ്റിനേയും ശരിയാക്കി മാറ്റുന്ന വിശ്വ പരിവർത്തകരായി ഭവിക്കൂ

മറ്റുള്ളവരുടെ തെറ്റിനെ കണ്ട് സ്വയം തെറ്റ് ചെയ്യരുത്. അഥവാ ആരെങ്കിലും തെറ്റ് ചെയ്യുന്നുണ്ടെങ്കിൽ നമ്മൾ ശരിയായിരിക്കണം. അവരുടെ സംഗത്തിന്റെ പ്രഭാവത്തിലേക്ക് വരരുത്, ആരാണോ പ്രഭാവത്തിലേക്ക് വരുന്നത് അവർ അശ്രദ്ധരാകുന്നു. ഓരോരുത്തരും കേവലം ഈ ഉത്തരവാദിത്വം ഏറ്റെടുക്കൂ ഞാൻ ശരിയായ മാർഗ്ഗത്തിൽ തന്നെ കഴിയും, അഥവാ ആരെങ്കിലും തെറ്റ് ചെയ്യുന്നുണ്ടെങ്കിൽ ആ സമയം ഉൾക്കൊള്ളുന്നതിനുള്ള ശക്തിയെ ഉപയോഗിക്കൂ. ആരുടേയെങ്കിലും തെറ്റിനെ നോട്ട് ചെയ്യുന്നതിന് പകരം അവർക്ക് സഹയോഗത്തിന്റെ നോട്ട് നൽകൂ അർത്ഥം സഹയോഗത്താൽ സമ്പന്നമാക്കൂ അപ്പോൾ വിശ്വ പരിവർത്തനത്തിന്റെ കാര്യം സഹജമായി തന്നെ നടക്കും.

### സ്ലോഗൻ:- നിരന്തരയോഗി ആകണമെങ്കിൽ പരിധിയുള്ള ഞാൻ, എന്റേതിനെ പരിധിയില്ലാത്തതിലേക്ക് പരിവർത്തനം ചെയ്യൂ.

#### അവ്യക്ത സൂചന - ആത്മീയ രാജകീയതയുടേയും പവിത്രതയുടേയും വ്യക്തിത്വം ധാരണ ചെയ്യൂ

വർത്തമാന സമയമനുസരിച്ച് ഫരിസ്ത സ്ഥിതിയുടെ സമ്പന്നത അഥവാ ബാപ്സമാൻ സ്ഥിതിയുടെ സമീപം വന്നുകൊണ്ടിരിക്കുകയാണ്, അതനുസരിച്ച് പവിത്രതയുടെ പരിഭാഷയും അതി സൂക്ഷ്മമായിക്കൊണ്ടിരിക്കുന്നു. കേവലം ബ്രഹ്മചാരിയാകുന്നതല്ല പവിത്രത എന്നാൽ ബ്രഹ്മചാരിയോടൊപ്പം ബ്രഹ്മാ ബാബയുടെ ഓരോ കർമ്മമാകുന്ന ചുവടിലും ചുവട് വയ്ക്കുന്ന ബ്രഹ്മാചാരിയാകൂ.